റിട്ടയർ ചെയ്ത ഐ. എ. എസ്. ഉദ്യോഗസ്ഥൻമാരുടെ പുനർ നിയമനം

1138 [1817] ശ്രീ. കെ. പി. രാമൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉദ്യോഗ കാലാവധി കഴിഞ്ഞ ഏതെങ്കിലും ഐ. എ. എസ്, കാർക്ക് ഉദ്യോഗ കാലാവധി നീട്ടിക്കൊടുത്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആർക്കെല്ലാമാണ്;

(സി) അതിന്റെ കാരണമെന്ത് ; സ്വീകരിച്ച മാനദണ്ഡമെന്ത് ?

ഉത്തരം

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ആർക്കും നൽകിയിട്ടില്ല.

(ബി & സി) ചോദ്യം ഉദിക്കുന്നില്ല.

സെക്രട്ടേറിയറ്റിൽനിന്നും പിരിച്ചുവിട്ടയാളെ തിരിച്ചെടുക്കാനുള്ള നടപടി

1139 [1818] ശ്രീ. കെ. പി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി. ഒ. ആർ. റ്റി. 2721/76/ ഹോം. തീയതി 26-11-1976 പ്രകാരം പി. വി. ഭരതൻ എന്നൊരാളെ സെക്രട്ടേറിയറ്റിൽ പ്യൂണായി നിയമിക്കുകയുണ്ടായോ;

(ബി) എങ്കിൽ എത്രകാലം ജോലിചെയ്തു;

(സി) അദ്ദേഹത്തെ സർവ്വീസിൽനിന്നും പിരിച്ചുവിടാനുള്ള കാരണമെന്ത്;

(ഡി) അദ്ദേഹത്തെ തിരിച്ചെടുക്കുന്നതിനുള്ള വല്ല ഓർഡറും ഗവൺമെന്റിൽനിന്നും ഉണ്ടായിട്ടുണ്ടോ;

(ഇ) ഇത്രനാളായിട്ടും തിരിച്ചെടുക്കാത്തത് എന്തുകൊണ്ടാണ്?

ഉത്തരം

(എ) ജി. ഒ. ആർ. റ്റി. 2721/76 ഹോം (26-11-1976) പ്രകാരം ശ്രീ. ഭരതനെ സർവ്വീസിൽനിന്നും പിരിച്ചുവിടാൻ ആജ്ഞാപകുപ്പിൽ നിന്നും ഉത്തരവായി. 27-9-1975-ലെ മെമ്മോ നമ്പർ 85267/ എസ്. സി. 4/75/ പി. ഡി. പ്രകാരമാണ് ശ്രീ. ഭരതനെ സെക്രട്ടേറിയറ്റിൽ നിയമിച്ചത്.

(ബി) 27-9-1975 മുതൽ 30-11-1976 വരെ

(സി) അദ്ദേഹത്തിന്റെ അറസ്റ്റേഷൻ ഫോമിൽ അദ്ദേഹം വസ്തുതകൾ മറച്ചുവച്ചു എന്നുള്ളതുകൊണ്ടാണ്.

(ഡി) അത് ഗവൺമെന്റിന്റെ പരിഗണനയിലിരിക്കുകയാണ്.

(ഇ) പബ്ളിക് സർവ്വീസ് കമ്മീഷന്റെ ഇതേപ്പറ്റിയുള്ള ഉപദേശം ഇതുവരെ ലഭിച്ചിട്ടില്ലാത്തതുകൊണ്ടാണ്.

LIBRARY ARCHIVES Kerala Legislative Assembly